## ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ
### ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്,വഴുതക്കാട്,
### തിരുവനന്തപുരം

website: www.forest.keralagov.in, Email: fibnews@gmail.com, Ph. 0471- 2529145

## പത്രക്കുറിപ്പ്

തീയതി.14.01.2019.

### അഗസ്ത്യാർകൂടയാത്രയ്ക്ക് തുടക്കം: ആദ്യദിനം വനിതയുൾപ്പെടെ 100 പേർ മലകയറി

വനം വകുപ്പിന്റെ നേതൃത്വത്തിലുള്ള അഗസ്ത്യാർകൂട സന്ദർശനയാത്രയ്ക്ക് തുടക്കമായി. ആദ്യദിനം ഒരു വനിതയുൾപ്പെടെ 100 പേർ മലകയറാനെത്തി. ബോണക്കാട് പിക്കറ്റ് സ്റ്റേഷനിൽ രാവിലെ ഏഴു മണിയോടെ എത്തിയ യാത്രക്കാരെ രജിസ്ട്രേഷനും മറ്റു പരിശോധനകൾക്കും ശേഷം ഇരുപതു പേരടങ്ങുന്ന അഞ്ചു സംഘങ്ങളാക്കി തിരിച്ചു. യാത്രയിൽ പാലിക്കേണ്ട നിയന്ത്രണങ്ങളെയും നിർദ്ദേശങ്ങളെയും സംബന്ധിച്ച് വനം വകുപ്പുദ്യോഗസ്ഥർ വിശദീകരിച്ചു. 9.15 ഓടെ യാത്രയാരംഭിച്ച ആദ്യസംഘത്തിന് തിരുവനന്തപുരം വൈൽഡ് ലൈഫ് വാർഡൻ വൈ.എം. ഷാജികുമാർ ഫ്ളാഗ് ഓഫ് നൽകി. ബോണക്കാട് ഗ്രാമ പഞ്ചായത്തംഗം സതീഷ്, വനം വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ സന്നിഹിതരായിരുന്നു. വനിത ഉൾപ്പെട്ട ആദ്യ സംഘത്തെ ഒരു വനിതാ ബീറ്റ്ഫോറസ്റ്റ് ഓഫീസറും ഒരു വനിതാ വാച്ചറും അനുഗമിച്ചു. ഇന്നും നാളെയും മലകയറാൻ സ്ത്രീകൾ ഇല്ല. ജനു: 17 ന് മൂന്നു വനിതകളാണ് മലകയറാൻ എത്തുക. ബോണക്കാട്ടും അതിരുമല ബേസ് സ്റ്റേഷനുകളിലും ക്യാന്റീൻ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ വനം വകുപ്പ് ഒരുക്കിയിട്ടുണ്ട്. മലകയറുന്നവർക്ക് അപകട ഇൻഷ്വറൻസും ഉണ്ടായിരിക്കും.

### അഗസ്ത്യാർകൂട സന്ദർശനം : നിയമ ലംഘനത്തിന് സ്പോട്ട് ഫൈൻ ഈടാക്കും

അഗസ്ത്യാർകൂട സന്ദർശകർക്കായി വനം വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള നിർദ്ദേശങ്ങളും നിയന്ത്രണങ്ങളും ലംഘിക്കുന്നവരിൽ നിന്നും സ്പോട്ട് ഫൈൻ ഈടാക്കാൻ ചീഫ് വൈൽഡ് ലൈഫ് വാർഡൻ സുരേന്ദ്രകുമാർ ഉത്തരവായി.

വനം വകുപ്പ് ഗൈഡുകൾ നിർദ്ദേശിക്കുന്ന വഴിയിലൂടെ മാത്രമേ സന്ദർശകർ യാത്ര ചെയ്യാൻ പാടുള്ളൂ. യാത്രക്കിടയിൽ വനവിഭവങ്ങൾ ശേഖരിക്കുവാനോ വന്യമൃഗങ്ങളെ ഉപദ്രവിക്കുന്ന പ്രവർത്തികളിൽ ഏർപ്പെടാനോ പാടില്ല. പ്ലാസ്റ്റിക് ക്യാരിബാഗുകൾ, കവറുകൾ, കുപ്പികൾ, തീപ്പെട്ടി, സിഗററ്റ് ലൈറ്റർ തുടങ്ങിയവയൊന്നും കാട്ടിലേയ്ക്ക് കൊണ്ടുപോകരുത്. വിറക് ശേഖരിക്കുകയോ കത്തിക്കുകയോ ചെയ്യരുത്. പുകയില, മദ്യം മറ്റ് ലഹരി പദാർത്ഥങ്ങൾ മുതലായവ ഉപയോഗിക്കുന്നതിനും കൈവശം വയ്ക്കുന്നതിനും കർശന നിരോധനമുണ്ട്. ഭക്ഷണാവശിഷ്ടങ്ങൾ അലക്ഷ്യമായി വലിച്ചെറിയുകയോ വന്യമൃഗങ്ങൾക്ക് നൽകുകയോ ചെയ്യരുത്. വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന സുരക്ഷാബാരി ക്കേഡുകൾ മറിക്കടക്കരുത്. അഗസ്ത്യാർകൂടത്തിൽ പൂജകളും മറ്റു ചടങ്ങുകളും ചെയ്യാൻ പാടില്ലെന്നും വനം വകുപ്പ് ജീവനക്കാരുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണെന്നും ഉത്തരവിൽ പറയുന്നു.

നിർദ്ദേശങ്ങൾപാലിക്കാത്ത സന്ദർശകരിൽ നിന്ന് 2000/- രൂപ സ്പോട്ട് ഫൈനായി ഈടാക്കും. പിഴയായി ലഭിക്കുന്ന തുക നെയ്യാർ, പേപ്പാറ, എഫ്.ഡി.എ. അക്കൗണ്ടിൽ നിക്ഷേപിക്കാനും പാരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾക്കും ബോണക്കാട് - അഗസ്ത്യാർകൂടം പാത വൃത്തിയാക്കി സൂക്ഷിക്കാനുള്ള ചെലവുകൾക്കും ഉപയോഗിക്കുവാനുമാണ് തീരുമാനം.

FIBPR-66

ഡോ. അഞ്ചൽ കൃഷ്ണകുമാർ
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ